## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 131 — 21.3.2012- ൽ മറുപടിയ്ക്ക്

**'പുര പദ്ധതി'**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ.പാലോട് രവി<br>ശ്രീ. കെ. അച്ചുതൻ | | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) | |
| എ | പുര (പ്രൊവിഷൻ ഓഫ് അർബൻ അമനിറ്റീസ് ഇൻ റൂറൽ ഏര്യാസ്) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | എ | ഗ്രാമപ്രദേശങ്ങളിൽ നഗരപ്രദേശങ്ങളിലെ സൗകര്യമൊരുക്കി ഗ്രാമവും നഗരവും തമ്മിൽ ജീവിതസൗകര്യങ്ങളുടെ കാര്യത്തിലുള്ള അന്തരം കുറയ്ക്കുക എന്നതാണ് 'പുര' പദ്ധതിയുടെ ലക്ഷ്യം. പൊതുസ്വകാര്യ പങ്കാളിത്തതോടെയാണ് പദ്ധതി നടപ്പിലാക്കുക. |
| ബി | ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ എടുക്കാനാണുദ്ദേശിക്കുന്നത്; | ബി | സംസ്ഥാനത്ത് 2 പദ്ധതികൾക്കാണ് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ തളിക്കുളം ഗ്രാമ പഞ്ചായത്തും മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തും. ഇൻഫ്രാസ്ട്രെക്ചേർഴ്സ് കേരള ലിമിറ്റഡ് (INKEL) എന്ന പൊതുമേഖലസ്ഥാപനമാണ് കേരളത്തിലെ പ്രോജക്ടുകളുടെ പങ്കാളിയായി പ്രവർത്തിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തും ഈ സ്ഥാപനവുമായി ~~പങ്കാളി~~ കരാറിൽ ഒപ്പു വച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ഈ സ്ഥാപനത്തിന് ലഭ്യമാക്കുന്നതാണ്. |
| സി | ആരാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്; | സി | പൊതു - സ്വകാര്യ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇൻഫ്രാസ്ട്രെക്ചേർഴ്സ് കേരള ലിമിറ്റഡ് (INKEL) നേതൃത്വം നൽകുന്ന കൺസോർഷ്യം ആണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി | ശുദ്ധജലം, ശുചിത്വ സംവിധാനം, പുനരുദ്ധാരണം എന്നിവയ്ക്ക് പദ്ധതിയിൽ പ്രാധാന്യം നൽകുന്നകാര്യം പരിഗണിക്കുമോ? | ഡി | കേന്ദ്രസർക്കാരിന് സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ശുദ്ധജലവിതരണം, ശുചിത്വസംവിധാനം, ഗ്രാമീണറോഡുകൾ, തെരുവുവിളക്കുകൾ, മാനവവികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ